ജി(1) 799/2021

സഹകരണ സംഘം രജിസ്ട്രാർ ഓഫീസ്,
തിരുവനന്തപുരം, തീയതി 30.01.2021

## സർക്കുലർ നമ്പർ 08 /2021

വിഷയം സഹകരണ വകുപ്പ്- 41-ാമത് നിക്ഷേപ സമാഹരണയജ്ഞം- 2021 ഫെബ്രുവരി 01 മുതൽ 2021 മാർച്ച് 31 വരെ-മാർഗ്ഗനിർദ്ദേശം പുറപ്പെടുവിക്കുന്നത്- സംബന്ധിച്ച്

പരാമർശം സഹകരണ സംഘം രജിസ്ട്രാറുടെ 22.01.2021 തീയതിയിലെ 05/2021 നമ്പർ സർക്കുലർ

2021 ഫെബ്രുവരി 1 മുതൽ 2021 മാർച്ച് 31 വരെ നിക്ഷേപ സമാഹരണ ക്യാമ്പയിനും അംഗത്വ ക്യാമ്പയിനും നടത്താൻ നിശ്ചയിച്ചിട്ടുണ്ട്. സഹകരണ വായ്പ മേഖലയിലെ നിക്ഷേപ തോത് വർദ്ധിപ്പിക്കുക, യുവതല മുറയെ സഹകരണ പ്രസ്ഥാനങ്ങളിലേയ്ക്ക് കൂടുതലായി ആകർഷിക്കുക , കേരളത്തിന്റെ വികസനത്തിന് കരുത്തേകുക എന്നീ ഉദ്ദേശ ലക്ഷ്യങ്ങളോടെ നടത്തുന്ന ടി ക്യാമ്പയിനിന്റെ വിജയകരമായ നടത്തിപ്പിന് ചുവടെ പരാമർശിക്കുന്ന നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.

1. കേരള സംസ്ഥാന സഹകരണ ബാങ്ക്, മലപ്പുറം ജില്ല സഹകരണ ബാങ്ക്, സംസ്ഥാന സഹകരണ കാർഷിക ഗ്രാമ വികസന ബാങ്ക്, പ്രാഥമിക സഹകരണ കാർഷിക ഗ്രാമ വികസന ബാങ്കുകൾ, പ്രാഥമിക സഹകരണ കാർഷിക വായ്പ സംഘങ്ങൾ, സർവ്വീസ് സഹകരണ ബാങ്കുകൾ, ഫാർമേഴ്സ് സർവ്വീസ് സഹകരണ ബാങ്കുകൾ, അർബൻ ബാങ്കുകൾ, എംപ്ലോയിസ് സഹകരണ സംഘങ്ങൾ, മറ്റ് വായ്പാ സഹകരണ സംഘങ്ങൾ, അംഗങ്ങളിൽ നിന്നും നിക്ഷേപം സ്വീകരിക്കുന്ന മറ്റ് വായ്പേതര സഹകരണ സംഘങ്ങൾ എന്നിവ ഈ ക്യാമ്പയിന്റെ ഭാഗമാകേണ്ടതാണ്. **"സഹകരണ നിക്ഷേപം നാടിന്റെ തുടർ വികസനത്തിനായി"** എന്നതാണ് 2021 ലെ നിക്ഷേപ സമാഹരണ ക്യാമ്പയിന്റെ മുദ്രാവാക്യം.
2. 41-ാമത് നിക്ഷേപ സമാഹരണത്തിന്റെ ടാർജറ്റ്(ലക്ഷ്യം) **6000 കോടി** രൂപയാണ്. ജില്ല തിരിച്ചുള്ള ലക്ഷ്യം അനുബന്ധമായി ചേർത്തിട്ടുണ്ട്.
3. ടാർജറ്റിന്റെ 30% എങ്കിലും CASA നിക്ഷേപം അതായത് കറന്റ് അക്കൗണ്ട്, സേവിംഗ്സ് ബാങ്ക് അക്കൗണ്ട് തുടങ്ങി മറ്റ് ചെലവ് കുറഞ്ഞ നിക്ഷേപങ്ങൾ സ്വരൂപിക്കുന്നതിന് നിശ്ചയിച്ചിരിക്കുന്നു. കറന്റ് അക്കൗണ്ട്, സേവിംഗ്സ് ബാങ്ക് അക്കൗണ്ടുകൾ ആരംഭിക്കാൻ അനുമതിയുള്ള സഹകരണ സംഘങ്ങൾ സ്വരൂപിക്കുന്ന ആകെ നിക്ഷേപങ്ങളുടെ 30% ൽ കുറയാത്ത തുക കറന്റ്, സേവിംഗ്സ് മുതലായ നിക്ഷേപമായി സമാഹരിക്കേണ്ടതാണ്.
4. അർബൻ സഹകരണ ബാങ്കുകളും, കേരള സംസ്ഥാന സഹകരണ ബാങ്കും, മലപ്പുറം ജില്ല സഹകരണ ബാങ്കും സമാഹരിക്കുന്ന വ്യക്തിഗത

നിക്ഷേപങ്ങളുടെ 50% എങ്കിലും സേവിംഗ്സ്/കറന്റ് നിക്ഷേപമായി സമാഹരിക്കേണ്ടതാണ്.

5. പ്രാഥമിക സഹകരണ കാർഷിക വായ്പാ സംഘങ്ങൾ, പ്രാഥമിക സഹകരണ കാർഷിക ഗ്രാമ വികസന ബാങ്കുകൾ, അർബൻ ബാങ്കുകൾ, എംപ്ലോയിസ് സഹകരണ സംഘങ്ങൾ, മറ്റ് വായ്പാ സഹകരണ സംഘങ്ങൾ, അംഗങ്ങളിൽ നിന്നും നിക്ഷേപം സ്വീകരിക്കുന്ന മറ്റ് വായ്പേതര സഹകരണ സംഘങ്ങൾ എന്നിവയെ ഈ ക്യാമ്പയിനിൽ പങ്കെടുക്കുന്നതിന് തെരഞ്ഞെടുക്കാവുന്നതാണ്. ഇപ്രകാരം സംഘങ്ങളെ തെരഞ്ഞെടുക്കുമ്പോൾ, പ്രവർത്തന രഹിതവും ഗുരുതരമായ സ്വഭാവത്തിലുള്ള പണാപഹരണം /ക്രമക്കേടുകൾ എന്നിവയിൽ ഉൾപ്പെട്ട സഹകരണ സംഘങ്ങൾ, നിക്ഷേപ ഗ്യാരന്റി സ്കീമിലേക്ക് നോട്ടിഫൈ ചെയ്യുതും എന്നാൽ വിഹിതം അടക്കാത്തതുമായ സഹകരണ സംഘങ്ങൾ എന്നിവയെ ഈ ക്യാമ്പയിനിൽ നിന്നും ഒഴിവാക്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ്. ജോയിന്റ് രജിസ്ട്രാർ(ജനറൽ)മാർ സംഘങ്ങളുടെ പട്ടിക തയ്യാറാക്കേണ്ടതും, ആയത് ജില്ലാ തല കമ്മിറ്റി മുമ്പാകെ അവതരിപ്പിക്കേണ്ടതും, ജില്ലാ തല കമ്മിറ്റിയുടെ അഭിപ്രായം കൂടി കണക്കിലെടുത്ത്, ആവശ്യമായ ഭേദഗതികൾ വരുത്തേണ്ടതാണെങ്കിൽ ആയതു കൂടി വരുത്തി അന്തിമ രൂപം നൽകേണ്ടതാണ്.

6. ഈ കാലയളവിലെ നിക്ഷേപങ്ങൾക്ക് പരാമർശ പ്രകാരം സഹകരണ സംഘം രജിസ്ട്രാർ പുറപ്പെടുവിച്ചിട്ടുള്ള സർക്കുലർ നിർദ്ദേശ പ്രകാരം പലിശ നൽകാവുന്നതാണ്. കാർഷിക ഗ്രാമ വികസന ബാങ്കുകൾ സ്വരൂപിക്കുന്ന നിക്ഷേപങ്ങൾക്ക് സഹകരണ സംഘം രജിസ്ട്രാർ പുറപ്പെടുവിച്ചിട്ടുള്ള സർക്കുലർ നിർദ്ദേശങ്ങൾക്കനുസൃതമായി നൽകാവുന്ന പരമാവധി പലിശ നിരക്കുകളിൽ അധികരിക്കാത്ത പലിശ നൽകാവുന്നതാണ്.

7. നിക്ഷേപ സമാഹരണത്തിൽ നിക്ഷേപം സ്വരൂപിക്കുന്നതുപോലെ പ്രാധാന്യമുള്ളതാണ് സംഘങ്ങളുമായി അംഗങ്ങളെ ബന്ധപ്പെടുത്തുക എന്നത്. ആയതിനാൽ അതിനാവശ്യമായ നടപടി എന്ന നിലയിൽ എല്ലാ വിഭാഗം ജനങ്ങളെയും അവരവരുടെ യോഗ്യതയുടെ അടിസ്ഥാനത്തിൽ ഈ കാലയളവിൽ അംഗങ്ങളാക്കാൻ ശ്രമിക്കേണ്ടതാണ്.

8. യുവജനങ്ങളെ കൂടുതലായി സഹകരണ സംഘങ്ങളിലേ അംഗങ്ങളാക്കുന്നതിലേയ്ക്കായി സംഘം തല അംഗത്വ ക്യാമ്പയിനുകൾ സംഘടിപ്പിക്കേണ്ടതും ടി ക്യാമ്പയിനിലൂടെ കേരള ബാങ്കിന്റെ ആഭിമുഖ്യത്തിൽ സഹകരണ മേഖലയിൽ നടപ്പിലാക്കുന്ന ആധുനിക ബാങ്കിംഗ് സംവിധാനങ്ങളെ കുറിച്ചും, സഹകരണ മേഖലയിലെ നിക്ഷേപങ്ങളുടെ സുരക്ഷിതത്വം സംബന്ധിച്ചും, സാമ്പത്തിക മേഖലയിലെ സഹകരണ പ്രസ്ഥാനത്തിന്റെ ഇടപെടലിനെ സംബന്ധിച്ചും യുവജനങ്ങളിൽ ബോധവത്കരണം നടത്തേണ്ടതുമാണ്. ടി ക്യാമ്പയിൻ സംഘംതല കമ്മിറ്റിയുടെ ആഭിമുഖ്യത്തിൽ ഭരണ സമിതി അംഗങ്ങളുടേയും ജീവനക്കാരുടേയും നേതൃത്വത്തിൽ സർക്കാർ, അർദ്ധസർക്കാർ, സ്വകാര്യ തൊഴിൽ സ്ഥാപനങ്ങളിലേയ്ക്ക് വ്യാപിപ്പിക്കാവുന്നതാണ്.

9. ക്യാമ്പയിന്റെ ഭാഗമായി സംഘംതല കമ്മിറ്റിയുടെ ആഭിമുഖ്യത്തിൽ ഭരണ സമിതി അംഗങ്ങളുടേയും ജീവനക്കാരുടേയും നേതൃത്വത്തിൽ കോവിഡ് സുരക്ഷ മാനദണ്ഡങ്ങൾ പാലിച്ച് ഭവന സന്ദർശനം നടത്തി നിക്ഷേപം സ്വരൂപിക്കുന്നതിന് ശ്രദ്ധിക്കേണ്ടതും, നിലവിൽ അക്കൗണ്ടില്ലാത്ത അംഗങ്ങളെ ഒരു നിക്ഷേപ അക്കൗണ്ടെങ്കിലും ആരംഭിക്കാൻ പ്രേരിപ്പിക്കേണ്ടതുമാണ്.
10. ഈ കാലയളവിൽ അംഗസംഖ്യ വർദ്ധിപ്പിക്കുക, ഓഹരിമൂലധനം വർദ്ധിപ്പിക്കുക, പുതിയ അക്കൗണ്ടുകൾ(സിറോ ബാലൻസ് ഉൾപ്പെടെ) ആരംഭിക്കുക, സമ്പാദ്യശീലം വളർത്തുക, കുടിശ്ശിക കുറയ്ക്കുന്നതിനായി പരിശ്രമിക്കുക, വായ്പക്കാരൻ മരണമടഞ്ഞ കേസ്സുകളിൽ റിസ്ക് ഫണ്ട് ആനുകൂല്യം ലഭ്യമാക്കുക തുടങ്ങി എല്ലാ കാര്യങ്ങളും ശ്രദ്ധിച്ച് അതിനനുസൃതമായി പ്രായോഗിക നടപടികൾ സ്വീകരിക്കേണ്ടതാണ്.
11. ചെറുകിട, ഹ്രസ്വകാല നിക്ഷേപങ്ങൾ/ലഘുനിക്ഷേപങ്ങൾ എന്നിവ പരമാവധി സമാഹരിക്കുന്നതിന് സംഘങ്ങൾ/ബാങ്കുകൾ പ്രാധാന്യം നൽകേണ്ടതാണ്. ഇതിനായി ഓരോ സംഘത്തിന് ലക്ഷ്യം നിശ്ചയിച്ച് നൽകേണ്ടതും, ടി ലക്ഷ്യത്തിനനുസൃതമായി നിക്ഷേപം സ്വരൂപിക്കേണ്ടതുമാണ്.
12. സ്കൂൾ/കോളേജ് വിദ്യാർത്ഥികൾക്കായി പ്രത്യേക നിക്ഷേപ പദ്ധതികൾ ആരംഭിക്കുകയും പ്രവർത്തന പരിധിയിലെ എല്ലാ സ്കൂൾ വിദ്യാർത്ഥികളേയും ഈ നിക്ഷേപ പദ്ധതിയിൽ അംഗങ്ങളാക്കുകയും തദ്വാര സഹകരണ മേഖലയുമായി ബന്ധപ്പെടുത്തുന്നതിനും, ഭാവിയിലെ സഹകാരികളെ വാർത്തെടുക്കുന്നതിനും ഉതകുന്ന പദ്ധതികൾ ആവിഷ്കരിക്കേണ്ടതുമാണ്.
13. പ്രവർത്തന പരിധിയിലെ ഒരു ഭവനത്തിൽ നിന്നും ഒരാളെങ്കിലും സംഘത്തിൽ കൂട്ടതലായി അംഗമാക്കുന്നതിനും നിക്ഷേപം, വായ്പ തുടങ്ങി ഏതെങ്കിലും തരത്തിലുള്ള ഇടപാട് സംഘവുമായി ഏർപ്പെടുത്തുന്നതിനും നടപടി സ്വീകരിക്കേണ്ടതാണ്. ഓരോ പ്രാഥമിക ബാങ്കുകളുടേയും പ്രവർത്തന പരിധിയിലുള്ള വിദ്യാലയങ്ങൾ, ഭവനങ്ങൾ, കുടുംബശ്രീ യൂണിറ്റുകൾ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ എന്നിവിടങ്ങളിലെ നിക്ഷേപങ്ങൾ സമാഹരിക്കുന്നതിന് സംഘം തലത്തിൽ നടപടി സ്വീകരിച്ച് ഭരണസമിതി അംഗങ്ങളും ജീവനക്കാരും പങ്കെടുത്ത് ക്യാമ്പയിൻ സംഘടിപ്പിക്കേണ്ടതാണ്.
14. ക്യാമ്പയിന്റെ ഭാഗമായി വാർഡ് തല നിക്ഷേപ സദസ്സുകൾ സംഘടിപ്പിക്കേണ്ടതാണ്. മുതിർന്ന പൗരൻമാർക്ക് അധിക പലിശ നൽകുന്ന സാഹചര്യത്തിൽ അവരെ നേരിൽ കണ്ട് നിക്ഷേപം നടത്തുന്നതിനാവശ്യമായ പരിപാടികൾ ആസൂത്രണം ചെയ്യേണ്ടതാണ്.
15. ക്യാമ്പയിന്റെ ഭാഗമായി സഹകരണ സംഘങ്ങൾ, സർക്കിൾ തലത്തിലും ജില്ലാതലത്തിലും കോവിഡ് മാനദണ്ഡങ്ങൾ പാലിച്ച് നിക്ഷേപ സമാഹരണ പരിപാടികൾ സംഘടിപ്പിക്കേണ്ടതാണ്.
16. ക്യാമ്പയിന്റെ വിജയകരമായ നടത്തിപ്പിനുള്ള പ്രവർത്തനങ്ങൾ ജില്ലാ തലത്തിൽ ജോയിന്റ് രജിസ്ട്രാർ(ജനറൽ) മാർ ഏകോപിപ്പിക്കേണ്ടതാണ്. ജോയിന്റ് ഡയറക്ടർ(ആഡിറ്റ്), അസിസ്റ്റന്റ് രജിസ്ട്രാർ/വാല്യൂവേഷൻ ആഫീസർ, അസിസ്റ്റന്റ് ഡയറക്ടർ(ആഡിറ്റ്), ഇൻസ്പെക്ടർ, ആഡിറ്റർ ഉൾപ്പെടെ സഹകരണ വകുപ്പിലെ എല്ലാ ഉദ്യോഗസ്ഥരും യജ്ഞത്തിന്റെ മുൻനിര പ്രവർത്തനം ഏറ്റെടുക്കേണ്ടതാണ്.

17. സംഘങ്ങളുടെ ലക്ഷ്യം, ഇൻസ്പെക്ടർമാർക്ക് ചുമതല എന്നിവ വീതിച്ച് നൽകുന്നിനുള്ള നടപടി ജോയിന്റ് രജിസ്ട്രാർ(ജനറൽ) സ്വീകരിക്കേണ്ടതാണ്.
18. ക്യാമ്പയിന്റെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിന് സഹകരണ സംഘം രജിസ്ട്രാർ ഓഫീസിലെ ഡെപ്യൂട്ടി രജിസ്ട്രർ(വിജിലൻസ്) നെ സംസ്ഥാന തല നോഡൽ ഓഫീസറായി ചുമതലപ്പെടുത്തുന്നു.
19. ജോയിന്റ് രജിസ്ട്രാർ(ജനറൽ) ഓഫീസിലെ ഡെപ്യൂട്ടി രജിസ്ട്രാർ (ഭരണം) നെ ക്യാമ്പയിന്റെ ജില്ലാ തല നോഡൽ ഓഫീസറായി ചുമതലപ്പെടുത്തുന്നു. ഇത് സംബന്ധിച്ച് ആവശ്യപ്പെടുന്ന വിവരങ്ങളും ദൈനംദിന പുരോഗതി റിപ്പോർട്ടും സഹകരണ സംഘം രജിസ്ട്രാർക്ക് സമർപ്പിക്കുന്നതിനുള്ള ഉത്തരവാദിത്വം നോഡൽ ഓഫീസർമാർക്കായിരിക്കും.
20. ജോയിന്റ് രജിസ്ട്രാർ ഓഫീസിൽ ഒരു ഇൻസ്പെക്ടറെ (ആവശ്യമെങ്കിൽ വർക്കിംഗ് അറേഞ്ച്മെന്റ് വ്യവസ്ഥയിൽ) ഈ ക്യാമ്പയിന്റെ നടത്തിപ്പിനായി ചുമതലപ്പെടുത്തേണ്ടതും, ടിയാന്റെ പേര് വിവരം സഹകരണ സംഘം രജിസ്ട്രാർ ഓഫീസിൽ അറിയിക്കേണ്ടതുമാണ്.
21. അസിസ്റ്റന്റ് രജിസ്ട്രാർ(ജനറൽ) മാർ, ഇൻസ്പെക്ടർമാർക്ക് സംഘങ്ങളുടെ ചുമതല നിശ്ചയിച്ച് നൽകേണ്ടതും ഓരോ ആഴ്ച അവസാനവും അവരുടെ ജോലി വിലയിരുത്തി അടുത്തദിവസം തന്നെ റിപ്പോർട്ട് ജോയിന്റ് രജിസ്ട്രാർ(ജനറൽ) ന് സമർപ്പിക്കേണ്ടതാണ്.
22. സർക്കിൾതല ചുമതല വഹിക്കുന്ന അസിസ്റ്റന്റ് രജിസ്ട്രാർ(ജനറൽ), സർക്കിൾ പരിധിയിലുള്ള മുഴുവൻ സഹകരണ സംഘങ്ങളുടേയും അതാത് ദിവസത്തെ നിക്ഷേപ വിവരങ്ങൾ യൂണിറ്റ് ഇൻസ്പെക്ടർമാർ മുഖേന ശേഖരിച്ച് സർക്കിൾ തലത്തിൽ ക്രോഡീകരിച്ച് അതാത് ദിവസം ജില്ലാതല നോഡൽ ഓഫീസറായ ഡെപ്യൂട്ടി രജിസ്ട്രാർ(ഭരണം) ന് സമർപ്പിക്കേണ്ടതാണ്. ജില്ലാതല നോഡൽ ഓഫീസർ ജില്ലാ തല കണക്കുകൾ ക്രോഡീകരിച്ച് അതാത് ദിവസം തന്നെ ഇ- മെയിൽ മുഖേന സഹകരണ സംഘം രജിസ്ട്രാറെ അറിയിക്കേണ്ടതുമാണ്.
23.
    a. കേരള സംസ്ഥാന സഹകരണ ബാങ്കിന്റെ സംസ്ഥാനത്തെ എല്ലാ ശാഖകളിലും ഇക്കാലയളവിൽ സീറോ ബാലൻസ് അക്കൗണ്ടുകൾ ഉൾപ്പടെയുള്ള വിവിധ തരത്തിലുള്ള പുതിയ അക്കൗണ്ടുകൾ ആരംഭിക്കുന്നതിന് പ്രത്യേക കർമ്മ പദ്ധതി ആവിഷ്കരിക്കേണ്ടതാണ്.
    b. കേരള സംസ്ഥാന സഹകരണ ബാങ്ക്, മലപ്പുറം ജില്ല സഹകരണ ബാങ്ക്, അർബൻ സഹകരണ ബാങ്കുകൾ, പ്രാഥമിക സഹകരണ സംഘങ്ങൾ/ബാങ്കുകൾ, മറ്റ് വായ്പ സഹരണ സംഘങ്ങൾ, അംഗങ്ങളിൽ നിന്നും നിക്ഷേപം സ്വീകരിക്കുന്ന മറ്റ് വായ്പേതര സഹരണ സംഘങ്ങൾ എന്നിവ മുഖാന്തിരം വ്യാപകമായ പ്രചരണ പ്രവർത്തനങ്ങൾ സംഘടിപ്പിക്കേണ്ടതാണ്.
24. സംസ്ഥാന സഹകരണ ബാങ്ക്, മലപ്പുറം ജില്ല സഹകരണ ബാങ്ക് എന്നീ ബാങ്കുകളുടെ നിക്ഷേപങ്ങളെ സംബന്ധിച്ച വിവരങ്ങൾ ശാഖകളിൽ നിന്നും ശേഖരിച്ച് സംസ്ഥാന തലത്തിൽ ക്രോഡീകരിച്ച് സഹരണ സംഘം രജിസ്ട്രാർക്ക് ഇ-മെയിൽ മുഖാന്തിരം അതാത് ദിവസം തന്നെ

സമർപ്പിക്കേണ്ടതുമാണ്. ഇതിൻമേൽ ആവശ്യമായ ക്രമീകരണങ്ങൾ ബന്ധപ്പെട്ടവർ ഏർപ്പെടുത്തേണ്ടതും നോഡൽ ഓഫീസർമാരെ ചുമതലപ്പെടുത്തേണ്ടതുമാണ്.

25. പ്രാഥമിക സഹകരണ കാർഷിക ഗ്രാമ വികസന ബാങ്കുകൾ സ്വരൂപിക്കുന്ന സ്ഥിരനിക്ഷേപങ്ങളെ സംബന്ധിച്ച വിവരങ്ങൾ അതാത് ദിവസം അസിസ്റ്റന്റ് രജിസ്ട്രാർ/വാല്യുവേഷൻ ഓഫീസർമാർ, ജോയിന്റ് രജിസ്ട്രാർമാർക്ക് നൽകേണ്ടതും, ജോയിന്റ് രജിസ്ട്രാർമാർ ടി വിവരങ്ങൾ കൂടി പുരോഗതി റിപ്പോർട്ടിൽ ഉൾപ്പെടുത്തേണ്ടതുമാണ്. പ്രാഥമിക/ജില്ലാ/സംസ്ഥാന സഹകരണ ബാങ്കുകളുടേത് ഉൾപ്പെടെ എല്ലാ സഹകരണ സംഘങ്ങൾ/ബാങ്കുകളുടേയും 31.01.2021 ലെ നിക്ഷേപ ബാക്കി നിൽപ്പ് 05.02.2021 ന് മുൻപ് 1,2,3,4,5,6 എന്നീ പ്രൊഫോമകളിൽ സഹകരണ സംഘം രജിസ്ട്രാർക്ക് സമർപ്പിക്കേണ്ടതാണ്.
26. ക്യാമ്പയിന്റെ ദൈനംദിന പുരോഗതി റിപ്പോർട്ട് അതാതു ദിവസം ഇതോടൊപ്പം ഉള്ളടക്കം ചെയ്തിരിക്കുന്ന 1A, 2A,3A,4A,5A,6A പ്രൊഫോർമയിൽ ചുവടെ ചേർക്കുന്ന ഇ-മെയിൽ/തപാൽ മുഖേനയും അറിയിക്കേണ്ടതും അന്തിമ പുരോഗതി റിപ്പോർട്ട് നിക്ഷേപ സമാഹരണ യജ്ഞം അവസാനിച്ച് 2 ദിവസത്തിനകം സമർപ്പിക്കേണ്ടതുമാണ്.

a) 0471-2330726
0471-2330825 എക്സ്റ്റൻഷൻ 533

b) നോഡൽ ഓഫീസർ
ഡെപ്യൂട്ടി രജിസ്ട്രാർ(വിജിലൻസ്) എക്സ്റ്റൻഷൻ 502

ഇ-മെയിൽ vigilancercs@gmail.com

**സംസ്ഥാന, ജില്ല, താലൂക്ക്, തല കമ്മിറ്റി ഘടന സംസ്ഥാനതല കമ്മിറ്റി**

| | | |
|---|---|---|
| 1. | ബഹുമാനപ്പെട്ട സഹകരണ വകുപ്പ് മന്ത്രി | ചെയർമാൻ |
| 2. | ഗവൺമെന്റ് സെക്രട്ടറി, സഹകരണ വകുപ്പ് | അംഗം |
| 3. | മാനേജിംഗ് ഡയറക്ടർ , കേരള സംസ്ഥാന സഹകരണ ബാങ്ക് | അംഗം |
| 4. | പ്രസിഡന്റ്, സംസ്ഥാന സഹകരണ കാർഷിക ഗ്രാമ വികസന ബാങ്ക് | അംഗം |
| 5. | കൺവീനർ, സംസ്ഥാന സഹകരണ യൂണിയൻ | അംഗം |
| 6. | സഹകരണ ആഡിറ്റ് ഡയറക്ടർ | അംഗം |
| 7. | മാനേജിംഗ് ഡയറക്ടർ, കേരള സംസ്ഥാന സഹകരണ കാർഷിക ഗ്രാമ വികസന ബാങ്ക് | അംഗം |
| 8. | വൈസ് ചെയർമാൻ, സഹകരണ നിക്ഷേപ ഗ്യാരന്റി ഫണ്ട് ബോർഡ് | അംഗം |
| 9. | ചെയർമാൻ/ജനറൽ സെക്രട്ടറി, കേരള അർബൻ കോ-ഓപ്പറേറ്റീവ് ബാങ്ക്സ് ഫെഡറേഷൻ | അംഗം |

| | | |
|---|---|---|
| 10. | പ്രസിഡന്റ്, പ്രൈമറി കോ-ഓപ്പറേറ്റീവ് സൊസൈറ്റീസ് അസോസിയേഷൻ | അംഗം |
| 11. | സഹകരണ സംഘം രജിസ്ട്രാർ | കൺവീനർ |

## ജില്ലാതല കമ്മിറ്റി ഘടന

| | | |
|---|---|---|
| 1. | ജോയിന്റ് രജിസ്ട്രാർ(ജനറൽ) | ചെയർമാൻ |
| 2. | സർക്കിൾ സഹകരണ യൂണിയൻ ചെയർമാൻമാർ | അംഗം |
| 3. | സംഘം ജീവനക്കാരുടെ മൂന്ന് പ്രതിനിധികൾ (അതാത് ജില്ലാ ജോയിന്റ് രജിസ്ട്രാർ(ജനറൽ)മാർ അതാത് ജില്ലാ പ്രതിനിധികളെ നിശ്ചയിക്കേണ്ടതാണ്) | അംഗം |
| 4. | പ്രാഥമിക കാർഷിക ഗ്രാമ വികസന ബാങ്കിന്റെ പ്രസിഡന്റുമാർ | അംഗം |
| 5. | പി.എ.സി.എസ് അസോസിയേഷൻ ജില്ലാ പ്രസിഡന്റ്/സെക്രട്ടറി | അംഗം |
| 6. | ജോയിന്റ് ഡയറക്ടർ (ആഡിറ്റ്) | അംഗം |
| 7. | അസിസ്റ്റ് രജിസ്ട്രാർ (ജനറൽ) മാർ | അംഗം |
| 8. | അസിസ്റ്റന്റ് ഡയറക്ടർ (ആഡിറ്റ്) മാർ | അംഗം |
| 9. | ജനറൽ മാനേജർ, കേരള സഹകരണ ബാങ്ക് | കൺവീനർ |

## താലൂക്ക് തല കമ്മിറ്റികൾ

| | | |
|---|---|---|
| 1. | ചെയർമാൻ, സർക്കിൾ സഹകരണ യൂണിയൻ | ചെയർമാൻ |
| 2. | പി.എ.സി.എസ് പ്രസിഡന്റുമാർ | അംഗം |
| 3. | താലൂക്കിലെ അർബൻ ബാങ്ക് പ്രസിഡന്റുമാർ | അംഗം |
| 4. | അസിസ്റ്റന്റ് ഡയറക്ടർ (ആഡിറ്റ്) | അംഗം |
| 5. | അസിസ്റ്റ് രജിസ്ട്രാർ (ജനറൽ) | കൺവീനർ |
| 6. | പ്രസിഡന്റ്, പ്രാഥമിക കാർഷിക ഗ്രാമ വികസന ബാങ്ക് | അംഗം |
| 7. | വാല്യൂഷൻ ആഫീസർ, പ്രാഥമിക കാർഷിക ഗ്രാമ വികസന ബാങ്ക് | അംഗം |
| 8. | എക്സിക്യൂട്ടീവ് ആഫീസർ, കേരള സഹകരണ ബാങ്ക് | അംഗം |
| 9. | ശാഖാ മാനേജർ, കേരള സഹകരണ ബാങ്ക് | അംഗം |
| 10. | പ്രാഥമിക കാർഷിക വായ്പ സഹകരണ സംഘം സെക്രട്ടറിമാരുടെ 3 പ്രതിനിധികൾ(അസിസ്റ്റന്റ് രജിസ്ട്രാർ(ജനറൽ) പ്രതിനിധികളെ നിശ്ചയിക്കേണ്ടതാണ്) | അംഗങ്ങൾ |

## ജില്ല തിരിച്ചുള്ള നിക്ഷേപ ടാർജറ്റ്

| ക്രമ നം | ജില്ല | ടാർജറ്റ്(തുക കോടിയിൽ) കേരള ബാങ്ക് ഒഴികെ | കേരള ബാങ്ക് ജില്ല തിരിച്ച് | ആകെ |
|---|---|---|---|---|
| 1. | തിരുവനന്തപുരം | 400 | 100 | 500 |
| 2. | കൊല്ലം | 300 | 100 | 400 |
| 3. | പത്തനംതിട്ട | 250 | 50 | 300 |
| 4. | ആലപ്പുഴ | 250 | 50 | 300 |
| 5. | കോട്ടയം | 400 | 50 | 450 |
| 6. | ഇടുക്കി | 200 | 50 | 250 |
| 7. | എറണാകുളം | 450 | 100 | 550 |
| 8. | തൃശ്ശൂർ | 450 | 100 | 550 |
| 9. | പാലക്കാട് | 350 | 100 | 450 |
| 10. | മലപ്പുറം | 500 | 25 | 525 |
| 11. | കോഴിക്കോട് | 450 | 100 | 550 |
| 12. | വയനാട് | 200 | 50 | 250 |
| 13. | കണ്ണൂർ | 400 | 100 | 500 |
| 14. | കാസർഗോഡ് | 200 | 50 | 250 |
| 15. | സംസ്ഥാന സഹകരണ കാർഷിക ഗ്രാമ വികസന ബാങ്ക് | 100 | 0 | 100 |
| 16 | മലപ്പുറം ജില്ല സഹകരണ ബാങ്ക് | 75 | 0 | 75 |
| | **ആകെ** | **4975** | **1025** | **6000** |

ഒപ്പ്
സജ്ജാദ്. കെ
സഹകരണ സംഘം രജിസ്ട്രാർ ഇൻ ചാർജ്

പകർപ്പ്:-

1. ഡയറക്ടർ ഓഫ് കോ-ഓപ്പറേറ്റീവ് ആഡിറ്റ്
   ആഡിറ്റ് ഡയറക്ടറുടെ കാര്യാലയം
2. മാനേജിംഗ് ഡയറക്ടർ
   കേരള സംസ്ഥാന സഹകരണ ബാങ്ക്, തിരുവനന്തപുരം
3. മാനേജിംഗ് ഡയറക്ടർ
   കേരള സംസ്ഥാന സഹകരണ കാർഷിക ഗ്രാമ വികസന ബാങ്ക് തിരുവനന്തപുരം
4. ജോയിന്റ് രജിസ്ട്രാർ/സെക്രട്ടറി
   കേരള സഹകരണ നിക്ഷേപ ഗ്യാരന്റി ഫണ്ട് ബോർഡ് തിരുവനന്തപുരം
5. എല്ലാ ജോയിന്റ് രജിസ്ട്രാർ(ജനറൽ) മാർക്കും
6. എല്ലാ ജോയിന്റ് ഡയറക്ടർ(ആഡിറ്റ്)മാർക്കും
7. എല്ലാ അസിസ്റ്റന്റ് രജിസ്ട്രാർ(ജനറൽ)മാർക്കും
   ജോയിന്റ് രജിസ്ട്രാർ(ജനറൽ) മുഖേന
8. എല്ലാ അസിസ്റ്റന്റ് ഡയറക്ടർ(ആഡിറ്റ്) മാർക്കും
   ജോയിന്റ് ഡയറക്ടർ(മുഖേന)
9. എല്ലാ പ്രാഥമിക കാർഷിക വായ്പ സഹകരണ
   സംഘങ്ങൾ/ബാങ്കുകൾക്കും/അർബൻ ബാങ്കുകൾക്കും/എംപ്ലോയീസ് സഹകരണ
   സംഘങ്ങൾക്കും (ജോയിന്റ് രജിസ്ട്രാർ (ജനറൽ) മുഖേന)

10. എല്ലാ പ്രാഥമിക കാർഷിക ഗ്രാമ വികസന ബാങ്കുകൾക്കും
(ജോയിന്റ് രജിസ്ട്രാർ(ജനറൽ) മുഖേന)
11. അംഗങ്ങളിൽ നിന്നും നിക്ഷേപം സ്വീകരിക്കുന്ന എല്ലാ വായ്പേതര സഹകരണ സംഘങ്ങൾക്കും(ജോയിന്റ് രജിസ്ട്രാർ(ജനറൽ) മുഖേന)
12. ജനറൽ മാനേജർ, എല്ലാ ജില്ലാ സഹകരണ ബാങ്കുകളും
13. എഡിറ്റർ സഹകരണ വീഥി/സഹകരണ ജേർണൽ
14. വെബ് സൈറ്റ്
15. സ്റ്റോക്ക് ഫയൽ/സ്പെയർ

ആജ്ഞാനുസരണം

[signature]

ഡെപ്യൂട്ടി രജിസ്ട്രാർ(വിജിലൻസ്)

**41-ാമത് സഹകരണ നിക്ഷേപം സമാഹരണ യജ്ഞം 2021**

**പ്രൊഫോർമ - 1**

(പ്രാഥമിക സഹകരണ കാർഷിക വായ്പാ സംഘങ്ങൾ/ബാങ്കുകളുടെ (PACS)വിവരങ്ങൾ

**(തുക ലക്ഷത്തിൽ)**

| | | | | | | |
|---|---|---|---|---|---|---|
| 1. | ജില്ല | | | | | |
| 2. | സർക്കിളുകളുടെ എണ്ണം | | | | | |
| 3. | സംഘങ്ങളുടെ എണ്ണം | | | | | |
| 4. | നിശ്ചയിച്ച് നൽകിയ ടാർജറ്റ് | | | | | |
| 5. | നിക്ഷേപ ബാക്കി നിൽപ്പ് (31.01.2021) | സേവിംഗ്സ് | കറന്റ് | സ്ഥിരം | മറ്റുള്ളവ | ആകെ |
| 6. | അക്കൗണ്ടുകളുടെ എണ്ണം(31.01.2021) | | | | | |

ഡെപ്യൂട്ടി രജിസ്ട്രാർ(ഭരണം)
നോഡൽ ആഫീസർ

ജോയിന്റ് രജിസ്ട്രാർ(ജനറൽ)

**41-ാമത് സഹകരണ നിക്ഷേപം സമാഹരണ യജ്ഞം 2021**

**പ്രൊഫോർമ - 2**

(ബി ആർ ആക്ടിന്റെ പരിധിയിൽ വരുന്ന അർബൻ ബാങ്കുകളെ സംബന്ധിച്ച വിവരങ്ങൾ

**(തുക ലക്ഷത്തിൽ)**

| | | | | | | |
|---|---|---|---|---|---|---|
| 1. | ജില്ല | | | | | |
| 2. | ബാങ്കുകളുടെ എണ്ണം | | | | | |
| 3. | നിശ്ചയിച്ച് നൽകിയ ടാർജറ്റ് | | | | | |
| 4. | നിക്ഷേപ ബാക്കി നിൽപ്പ് (31.01.2021) | സേവിംഗ്സ് | കറന്റ് | സ്ഥിരം | മറ്റുള്ളവ | ആകെ |
| 5. | അക്കൗണ്ടുകളുടെ എണ്ണം(31.01.2021) | | | | | |

ഡെപ്യൂട്ടി രജിസ്ട്രാർ(ഭരണം)
നോഡൽ ആഫീസർ

ജോയിന്റ് രജിസ്ട്രാർ(ജനറൽ)

**41-ാമത് സഹകരണ നിക്ഷേപം സമാഹരണ യജ്ഞം 2021**

**പ്രൊഫോർമ - 3**

(എംപ്ലോയീസ് സംഘങ്ങളും, അഗ്രിക്കൾച്ചറൽ ഇംപ്രൂവ്മെന്റ് സംഘങ്ങൾ അർബൻ സഹകരണ സംഘങ്ങൾ)

**(തുക ലക്ഷത്തിൽ)**

| | | | | | | |
|---|---|---|---|---|---|---|
| 1. | ജില്ല | | | | | |
| 2. | സംഘങ്ങളുടെ എണ്ണം | | | | | |
| 3. | നിശ്ചയിച്ച നൽകിയ ടാർജറ്റ് | | | | | |
| 4. | നിക്ഷേപ ബാക്കി നിൽപ്പ് (31.01.2021) | സേവിംഗ്സ് | കറന്റ് | സ്ഥിരം | മറ്റുള്ളവ | ആകെ |
| 5. | അക്കൗണ്ടുകളുടെ എണ്ണം(31.01.2021) | | | | | |

ഡെപ്യൂട്ടി രജിസ്ട്രാർ(ഭരണം)
നോഡൽ ആഫീസർ

ജോയിന്റ് രജിസ്ട്രാർ(ജനറൽ)

**41-ാമത് സഹകരണ നിക്ഷേപം സമാഹരണ യജ്ഞം 2021**

**പ്രൊഫോർമ - 4**

(കേരള സംസ്ഥാന സഹകരണ ബാങ്ക്/മലപ്പുറം ജില്ല സഹകരണ ബാങ്കുകളെ സംബന്ധിച്ച വിവരങ്ങൾ)

**(തുക ലക്ഷത്തിൽ)**

| | | | | | | |
|---|---|---|---|---|---|---|
| 1 | ബാങ്കിന്റെ പേര് | | | | | |
| 2 | നിശ്ചയിച്ച നൽകിയ ടാർജറ്റ് | | | | | |
| 3 | നിക്ഷേപ ബാക്കി നിൽപ്പ് (31.01.2021) എ) വ്യക്തിഗതവും. സ്ഥാപനവും(സഹകരണ സംഘങ്ങളുടെതൊഴികെ) | സേവിംഗ്സ് | കറന്റ് | സ്ഥിരം | മറ്റുള്ളവ | ആകെ |
| | ബി) സഹകരണ സ്ഥാപനങ്ങളുടേത് | | | | | |
| | സി) ആകെ | | | | | |
| 4 | അക്കൗണ്ടുകളുടെ എണ്ണം(31.01.2021) എ) വ്യക്തിഗതവും. സ്ഥാപനവും(സഹകരണ സംഘങ്ങളുടെതൊഴികെ) | | | | | |
| | ബി) സഹകരണ സ്ഥാപനങ്ങളുടേത് | | | | | |
| | സി) ആകെ | | | | | |

ഡെപ്യൂട്ടി രജിസ്ട്രാർ(ഭരണം)
നോഡൽ ആഫീസർ

ജനറൽ മാനേജർ, കേരള സഹകരണ ബാങ്ക് /
നോഡൽ ആഫീസർ, മലപ്പുറം ജില്ല സഹകരണ ബാങ്ക്

## 41-ാമത് സഹകരണ നിക്ഷേപം സമാഹരണ യജ്ഞം 2021

**പ്രൊഫോർമ - 5**

(പ്രാഥമിക സഹകരണ കാർഷിക ഗ്രാ വികസന ബാങ്കുകളെ സംബന്ധിച്ച വിവരം)

**(തുക ലക്ഷത്തിൽ)**

| | | | | | | |
|---|---|---|---|---|---|---|
| 1. | ജില്ല | | | | | |
| 2. | സർക്കിളുകളുടെ എണ്ണം | | | | | |
| 3. | സംഘങ്ങളുടെ എണ്ണം | | | | | |
| 4. | നിശ്ചയിച്ച നൽകിയ ടാർജറ്റ് | | | | | |
| 5. | നിക്ഷേപ ബാക്കി നിൽപ്പ് (31.01.2021) | സേവിംഗ്സ് | കറന്റ് | സ്ഥിരം | മറ്റുള്ളവ | ആകെ |
| 6. | അക്കൗണ്ടുകളുടെ എണ്ണം(31.01.2021) | | | | | |

ഡെപ്യൂട്ടി രജിസ്ട്രാർ(ഭരണം)
നോഡൽ ആഫീസർ

ജോയിന്റ് രജിസ്ട്രാർ(ജനറൽ)

## 41-ാമത് സഹകരണ നിക്ഷേപം സമാഹരണ യജ്ഞം 2021

**പ്രൊഫോർമ - 6**

(അംഗങ്ങളിൽ നിന്നും ബൈലാ വ്യവസ്ഥകൾക്ക് വിധേയമായി നിക്ഷേപം സ്വീകരിക്കുന്ന മറ്റ് വായ്പേതര സഹകരണ സംഘങ്ങൾ)

**(തുക ലക്ഷത്തിൽ)**

| | | | | | | |
|---|---|---|---|---|---|---|
| 1. | ജില്ല | | | | | |
| 2. | സർക്കിളുകളുടെ എണ്ണം | | | | | |
| 3. | നിശ്ചയിച്ച നൽകിയ ടാർജറ്റ് | | | | | |
| 4. | നിക്ഷേപ ബാക്കി നിൽപ്പ് (31.01.2021)<br>എ)മൾട്ടിപർപ്പസ് സംഘങ്ങൾ<br>ബി) വനിതാ സഹകരണ സംഘങ്ങൾ<br>സി)റസിഡൻസ് വെൽഫെയർ സഹകരണ സംഘങ്ങൾ<br>ഡി) പട്ടികജാതി/പട്ടികവർഗ്ഗ ക്ഷേമ സഹകരണ സംഘങ്ങൾ<br>ഇ) ഇതര സഹകരണ സംഘങ്ങൾ | സേവിംഗ്സ് | കറന്റ് | സ്ഥിരം | മറ്റുള്ളവ | ആകെ |

| | | | | | | |
|---|---|---|---|---|---|---|
| | ആകെ | | | | | |
| 5. | അക്കൗണ്ടുകളുടെ എണ്ണം(31.01.2021) | | | | | |

ഡെപ്യൂട്ടി രജിസ്ട്രാർ(ഭരണം)
നോഡൽ ആഫീസർ

ജോയിന്റ് രജിസ്ട്രാർ(ജനറൽ)

## 41-ാമത് നിക്ഷേപ സമാഹരണയജ്ഞം 2021

പ്രൊഫോർമ-1 എ

(പ്രാഥമിക സഹരകണ കാർഷിക വായ്പാ സംഘങ്ങൾ/ബാങ്കുകളുടെ(PACS) ദൈനംദിന പുരോഗതി റിപ്പോർട്ട്)

തിയതി..................

**(തുക ലക്ഷത്തിൽ)**

| 1 | ജില്ല | സേവിംഗ്സ് | സ്ഥിരം | മറ്റുള്ളവ | ആകെ |
|---|---|---|---|---|---|
| 2 | നിക്ഷേപ ബാക്കി നിൽപ്പ്(31.01.2021) | | | | |
| 3 | നിക്ഷേപ ബാക്കി നിൽപ്പ് നാളിതു തീയതി........................... | | | | |
| 4 | അറ്റ വർദ്ധന നാളിതു തീയതി..................... | | | | |
| 5 | അക്കൗണ്ടുകളുടെ എണ്ണം(31.01.2021) | | | | |
| 6 | അക്കൗണ്ടുകളുടെ എണ്ണം നാളിതു തീയതി............... | | | | |
| 7 | അറ്റ വർദ്ധന നാളിതു തീയതി................... | | | | |

ഡെപ്യൂട്ടി രജിസ്ട്രാർ(ഭരണം)
നോഡൽ ഓഫീസർ

ജോയിന്റ് രജിസ്ട്രാർ(ജനറൽ)

**41-ാമത് നിക്ഷേപ സമാഹരണയജ്ഞം 2021**

പ്രൊഫോർമ-2 എ

(ബി.അർ ആക്ടിന്റെ പരിധിയിൽ വരുന്ന അർബൻ ബാങ്കുകളുടെ ദൈനംദിന പുരോഗതി റിപ്പോർട്ട്)

തീയതി........................ **(തുക ലക്ഷത്തിൽ)**

| 1 | ജില്ല | സേവിംഗ്സ് | സ്ഥിരം | മറ്റുള്ളവ | ആകെ |
|---|---|---|---|---|---|
| 2 | നിക്ഷേപ ബാക്കി നിൽപ്പ്(31.01.2021) | | | | |
| 3 | നിക്ഷേപ ബാക്കി നിൽപ്പ് നാളിതു തീയതി........................... | | | | |
| 4 | അറ്റ വർദ്ധന നാളിതു തീയതി..................... | | | | |
| 5 | അക്കൗണ്ടുകളുടെ എണ്ണം(31.01.2021) | | | | |
| 6 | അക്കൗണ്ടുകളുടെ എണ്ണം നാളിതു തീയതി............... | | | | |
| 7 | അറ്റ വർദ്ധന നാളിതു തീയതി................... | | | | |

ഡെപ്യൂട്ടി രജിസ്ട്രാർ(ഭരണം)
നോഡൽ ഓഫീസർ

ജോയിന്റ് രജിസ്ട്രാർ(ജനറൽ)

## 41-ാമത് നിക്ഷേപ സമാഹരണയജ്ഞം 2021

### പ്രൊഫോർമ-3 എ

(എംപ്ലോയീസ് സംഘങ്ങൾ, അഗ്രിക്കൾച്ചറൽ ഇംപ്രൂവിമെന്റ് സംഘങ്ങൾ, അർബൻ സഹകരണ സംഘങ്ങൾ ദൈനംദിന പുരോഗതി റിപ്പോർട്ട്)

തീയതി........................ **(തുക ലക്ഷത്തിൽ)**

| 1 | ജില്ല | സേവിംഗ്സ് | സ്ഥിരം | മറ്റുള്ളവ | ആകെ |
|---|---|---|---|---|---|
| 2 | നിക്ഷേപ ബാക്കി നിൽപ്പ്(31.01.2021) | | | | |
| 3 | നിക്ഷേപ ബാക്കി നിൽപ്പ് നാളിതു തീയതി.......................... | | | | |
| 4 | അറ്റ വർദ്ധന നാളിതു തീയതി.................... | | | | |
| 5 | അക്കൗണ്ടുകളുടെ എണ്ണം(31.01.2021) | | | | |
| 6 | അക്കൗണ്ടുകളുടെ എണ്ണം നാളിതു തീയതി.............. | | | | |
| 7 | അറ്റ വർദ്ധന നാളിതു തീയതി.................. | | | | |

ഡെപ്യൂട്ടി രജിസ്ട്രാർ(ഭരണം)
നോഡൽ ഓഫീസർ

ജോയിന്റ് രജിസ്ട്രാർ(ജനറൽ)

## 41-ാമത് സഹകരണ നിക്ഷേപം സമാഹരണ യജ്ഞം 2021

### പ്രൊഫോർമ - 4 എ

(സംസ്ഥാന സഹകരണ ബാങ്ക്/മലപ്പുറം ജില്ലാ സഹകരണ ബാങ്കുകളുടെ ദൈനംദിന പുരോഗതി റിപ്പോർട്ട്)

**(തുക ലക്ഷത്തിൽ)**

| 1. | ബാങ്കിന്റെ പേര് | | | | | |
|---|---|---|---|---|---|---|
| 2. | നിക്ഷേപ ബാക്കി നിൽപ്പ് (31.01.2021) എ) വ്യക്തിഗതവും. സ്ഥാപനവും(സഹകരണ സംഘങ്ങളുടെ തൊഴികെ) | സേവിംഗ്സ് | കറന്റ് | സ്ഥിരം | മറ്റുള്ളവ | ആകെ |
| | ബി) സഹകരണ സ്ഥാപനങ്ങളുടേത് | | | | | |
| | സി) ആകെ | | | | | |

| | | | | | | |
|---|---|---|---|---|---|---|
| 3. | നിക്ഷേപ ബാക്കി നിൽപ്പ് നാളിതു തീയതി............. എ) വ്യക്തിഗതവും. സ്ഥാപനവും(സഹകരണ സംഘങ്ങളുടെതൊഴികെ) | | | | | |
| | ബി) സഹകരണ സ്ഥാപനങ്ങളുടേത് | | | | | |
| | സി) ആകെ | | | | | |
| 4. | അറ്റ വർദ്ധന നാളിതു തീയതി............ എ) വ്യക്തിഗതവും. സ്ഥാപനവും(സഹകരണ സംഘങ്ങളുടെതൊഴികെ) | സേവിംഗ്സ് | കറന്റ് | സ്ഥിരം | മറ്റുള്ളവ | ആകെ |
| | ബി) സഹകരണ സ്ഥാപനങ്ങളുടേത് | | | | | |
| | സി) ആകെ | | | | | |
| 5. | അക്കൗണ്ടുകളുടെ എണ്ണം(31.01.2021) | | | | | |
| 6. | അക്കൗണ്ടുകളുടെ എണ്ണം നാളിതു തീയതി................ | | | | | |
| 7. | അറ്റ വർദ്ധന നാളിതു തീയതി............ | | | | | |

**41-ാമത് നിക്ഷേപ സമാഹരണയജ്ഞം 2021**

പ്രൊഫോർമ-5 എ

(പ്രാഥമിക സഹകരണ കാർഷിക ഗ്രാമ വികസന ബാങ്കുകളുടെ ദൈനംദിന പുരോഗതി റിപ്പോർട്ട്)

തീയതി.......................                                                  **(തുക ലക്ഷത്തിൽ)**

| 1 | ജില്ല | സേവിംഗ്സ് | സ്ഥിരം | മറ്റുള്ളവ | ആകെ |
|---|---|---|---|---|---|
| 2 | നിക്ഷേപ ബാക്കി നിൽപ്പ്(31.01.2021) | | | | |
| 3 | നിക്ഷേപ ബാക്കി നിൽപ്പ് നാളിതുവരെ തീയതി.......................... | | | | |

| | | | | | |
|---|---|---|---|---|---|
| 4 | അറ്റ വർദ്ധന നാളിതു തീയതി.................... | | | | |
| 5 | അക്കൗണ്ടുകളുടെ എണ്ണം(31.01.2021) | | | | |
| 6 | അക്കൗണ്ടുകളുടെ എണ്ണം, നാളിതുവരെ തീയതി.............. | | | | |
| 7 | അറ്റ വർദ്ധന നാളിതുവരെ തീയതി.................. | | | | |

ഡെപ്യൂട്ടി രജിസ്ട്രാർ(ഭരണം)
നോഡൽ ഓഫീസർ

ജോയിന്റ് രജിസ്ട്രാർ(ജനറൽ)

**41-ാമത് സഹകരണ നിക്ഷേപം സമാഹരണ യജ്ഞം 2021**

**പ്രൊഫോർമ - 6 എ**

(അംഗങ്ങളിൽ നിന്നും ബൈലാ വ്യവസ്ഥകൾക്ക് വിധേയമായി നിക്ഷേപം സ്വീകരിക്കുന്ന മറ്റ് വായ്പേതര സഹകരണ സംഘങ്ങൾ)

**(തുക ലക്ഷത്തിൽ)**

| 1. | ജില്ല | | | | | |
|---|---|---|---|---|---|---|
| 2. | നിക്ഷേപ ബാക്കി നിൽപ്പ് (31.01.2021) | സേവിംഗ്സ് | കറന്റ് | സ്ഥിരം | മറ്റുള്ളവ | ആകെ |
| 3. | നിക്ഷേപ ബാക്കി നിൽപ്പ് (31.01.2021)<br>എ) മൾട്ടി പർപ്പസ് സംഘങ്ങൾ<br>ബി) വനിതാ സഹകരണ സംഘങ്ങൾ<br>സി)റസിഡൻസ് വെൽഫെയർ സഹകരണ സംഘങ്ങൾ<br>ഡി) പട്ടികജാതി/പട്ടികവർഗ്ഗ ക്ഷേമ സഹകരണ സംഘങ്ങൾ<br>ഇ) ഇതര സഹകരണ സംഘങ്ങൾ | | | | | |
| | ആകെ | | | | | |
| 4. | അറ്റ വർദ്ധ നാളിതുവരെ തീയതി.............<br>എ) മൾട്ടി പർപ്പസ് സംഘങ്ങൾ<br>ബി) വനിതാ | | | | | |

| | | | | | | |
|---|---|---|---|---|---|---|
| | സഹകരണ സംഘങ്ങൾ സി)റസിഡൻസ് വെൽഫെയർ സഹകരണ സംഘങ്ങൾ ഡി) പട്ടികജാതി/പട്ടികവർഗ്ഗ ക്ഷേമ സഹകരണ സംഘങ്ങൾ ഇ) ഇതര സഹകരണ സംഘങ്ങൾ | | | | | |
| | ആകെ | | | | | |

ഡെപ്യൂട്ടി രജിസ്ട്രാർ(ഭരണം)
നോഡൽ ആഫീസർ

ജോയിന്റ് രജിസ്ട്രാർ(ജനറൽ)